പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മൂന്നാം പദ്ധതിക്കാലത്തു് ആകെ അഞ്ചു് ആയുർവ്വേദ ആശുപത്രികളാണു് തുറക്കുവാൻ ഉദ്ദേശിച്ചിരുന്നതു്.

(ബി) 1962–63–ൽ ഒരു ആയുർവ്വേദ ആശുപത്രി തുറന്നു.

(സി) 1963–64–ൽ ആയുർവ്വേദ ആശുപത്രികളും ഒന്നുംതന്നെ തുറക്കുവാനുദ്ദേശിക്കുന്നില്ല. ഈ വർഷത്തിൽ പുതിയ സ്ഥാപനങ്ങളും തുടങ്ങുവാൻ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

സോയിൽ കൺസർവേഷൻ സ്കീം

* 137. [33] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ സോയിൽ കൺസർവേഷൻ സ്കീമിനു് ഏതെല്ലാം സ്ഥലങ്ങളാണു് തെരഞ്ഞെടുത്തിട്ടുണ്ടു് ?

(ബി) കുറുകച്ചാൽ വില്ലേജിൽനിന്നും അയച്ചിട്ടുള്ള സ്കീമിനെപ്പറ്റി ഗവണ്മെൻറിൽനിന്നും അനുഭാവമായി പരിഗണിക്കാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) അടുത്തവർഷത്തേക്കുള്ള സ്ഥലങ്ങളാരും തിരഞ്ഞെടുത്തു കഴിഞ്ഞിട്ടില്ല.

(ബി) ഈ സ്കീം നടപ്പിലാക്കുന്നതിനു് വേണ്ട നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്.

വെങ്കലക്കയം പദ്ധതി.

* 138. [34] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ പുഴയിൽപ്പെട്ട വെങ്കലക്കയം പദ്ധതി എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ;

(ബി) ഈ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം വീണ്ടും കൃഷി ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടോ ;

(സി) മദിരാശി സംസ്ഥാനത്തിലെ ആവശ്യം കഴിഞ്ഞു കേരളത്തിനു കിട്ടുന്ന പറമ്പിക്കുളം വെള്ളം ചിറ്റൂർ പ്രദേശത്തു ഉപകാരപ്രദമായി ഉപയോഗിക്കത്തക്കവണ്ണം വെങ്കലക്കയം പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ സത്വര നടപടികളും സ്വീകരിക്കുമോ ;

(ഡി) വെള്ളം ഉപയോഗിക്കുന്നതിനു എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടു് ;

(ഈ) വെങ്കലക്കയെത്തിനു പുറമേ ഈ വെള്ളം സൂക്ഷിക്കുന്നതിനു പൻകിട ഏർപ്പാടുകളും നിർമ്മിക്കുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) പദ്ധതിക്കാവശ്യമുള്ള സ്ഥലം അക്വയർ ചെയ്യുകയും, അപ്രോച്ചു് റോഡിൻെറയും ഓവുപാലങ്ങളുടേയും പണികൾ തീർക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) ഇല്ല. എന്നാൽ പ്രസ്തുത സ്ഥലം കയ്യേറി കൃഷിചെയ്തിട്ടുള്ളവർക്കു് മകരത്തിലെ കൊയ്ത്തു കഴിയുന്നതുവരെ സമയം അനുവദിച്ചിട്ടുണ്ടു്.

(സി) ഇതിനു സത്വര നടപടികളും എടുക്കുൻണ്ടു്

LIBRARY ARCHIVES Kerala Legislative Assembly